# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5526** — **25.10.11-ൽ മറുപടിക്ക്**

**മഴക്കാലത്ത് റോഡ് ടാറിംഗ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മഴക്കാലത്തും റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദഗ്ദ്ധർ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായോ ;<br><br>(ബി) എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ ; മുൻപ് ഇതു സംബന്ധമായി എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(സി) വിദഗ്ദ്ധരുമായി ഇക്കാര്യം ചർച്ച ചെയ്യുമോ ; വിശദാംശങ്ങൾ നൽകുമോ ;<br><br>(ഡി) റോഡ് നിർമ്മാണ പരിപാലന രംഗത്ത് ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുമോ; വിശദാംശം നൽകുമോ ? | (എ), (ബി), (സി) & (ഡി) | എല്ലാക്കാലത്തും നടപ്പിലാക്കാവുന്ന "ആൾ വെതർ കോൺക്രീറ്റ് റോഡുകൾ" സംബന്ധിച്ച് വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 84/2011/പൊ.മ.വ തീയതി 17.01.2011 അനുസരിച്ച് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും വിഭാഗം) ചീഫ് എഞ്ചിനീയർ കൺവീനറായും പൊതുമരാമത്ത് വകുപ്പ് പ്രോജക്റ്റ് വിഭാഗം ചീഫ് എഞ്ചിനീയർ, ശ്രീ. ഡി. ദുഷ്യന്തകുമാർ (റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്) എന്നിവർ അംഗങ്ങളുമായുള്ള ഒരു കോർഗ്രൂപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ